# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2328 16.07.2011-ൽ മറുപടിക്ക്

**പിന്നാക്ക വിഭാഗത്തിലെ ജനങ്ങൾക്ക് വിദ്യാഭ്യാസ ചികിത്സാ ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. എ. പി. അനിൽകുമാർ (പട്ടികജാതി - പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക വിഭാഗത്തിലെ ജനങ്ങൾക്ക് സർക്കാർ നൽകിവരുന്ന വിവിധ വിദ്യാഭ്യാസ ചികിത്സാ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) +1,+2 കോഴ്സുകൾക്ക് പഠിക്കുന്ന 44,500/- രൂപ വരെ കുടുംബ വാർഷിക വരുമാന പരിധിയിലുള്ള പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നിലവിൽ പ്രതിമാസം 90/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് സ്കോളർഷിപ്പും എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. 25,000/- രൂപ വരെ വാർഷിക വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് ഡിഗ്രിതലത്തിൽ എല്ലാവിധ ഫീസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്. 42,000/- രൂപ വരെ വാർഷിക വരുമാനമുള്ള പി.ജി/ പ്രൊഫഷണൽ/ പോളിടെക്നിക് കോഴ്സുകൾ പഠിക്കുന്ന ഒ.ബി.സി മറ്റിതര വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.<br>പിന്നാക്ക വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമൊന്നും അനുവദിച്ചു വരുന്നില്ല. |

| | |
|---|---|
| (ബി) പിന്നാക്ക വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും അവലോകനം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) പിന്നാക്ക വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിലവിൽ ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരമാണ് അനുവദിക്കുന്നത്. എല്ലാ മാസവും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ഇതു സംബന്ധിച്ച് പുരോഗതി വിലയിരുത്തുന്നുണ്ട്. ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയ ശേഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്തു വരുന്നുണ്ട്. |



സെക്ഷൻ ഓഫീസർ.